# കത്തുകൾ

## മൃഗങ്ങളെ കൊല്ലാൻ മനുഷ്യന് അധികാരമുണ്ട്

മനുസ്മൃതി ആസ്പദമാക്കി മൃഗങ്ങളോടുള്ള സ്നേഹം പ്രകടിപ്പിച്ചത് കണ്ടു. ഒരു പ്രത്യേക മതവിഭാഗത്തിന്റെ മാത്രം വാക്കുകൾ ഉദ്ധരിച്ച് മൃഗഹത്യ പാപമാണ് എന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കരുത്. ക്രിസ്ത്യൻ ബൈബിൾ പ്രകാരം ലോകത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എല്ലാ വസ്തുക്കളും മനുഷ്യന് വേണ്ടിയാണ്. അതുകൊണ്ട് മൃഗങ്ങളെകൊന്ന് ഭക്ഷിക്കാം. ആദ്യം മനുഷ്യരെ സ്നേഹിച്ചിട്ടുപോരേ മൃഗങ്ങളെ സ്നേഹിക്കൽ. മൃഗങ്ങളെ സ്നേഹിക്കുന്നത് നല്ലതുതന്നെ, പക്ഷെ അതിരുവിടരുത്. ബൈബിളിൽ ഉൽപത്തി പുസ്തകത്തിൽ മനുഷ്യൻ എന്ന ഭാഗത്ത് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

"അനന്തരം ദൈവം അരുൾ ചെയ്തു. നമ്മുടെ പ്രതിച്ഛായയിൽ നമുക്കു സദൃശ്യനായി മനുഷ്യനെ നാം നിർമിക്കട്ടെ. സമുദ്രത്തിലെ മത്സ്യങ്ങളുടെ മേലും ആകാശത്തിലെ പക്ഷികളുടെ മേലും കന്നുകാലികളുടെ മേലും ഭൂമിയിലെ സർവ വന്യ ജന്തുക്കളുടെ മേലും നിലത്ത് ഇഴയുന്ന എല്ലാ ജന്തുക്കളുടെ മേലും അവർക്ക് അധികാരം ഉണ്ടായിരിക്കട്ടെ". ഇങ്ങനെ മറ്റുള്ള എല്ലാ വസ്തുക്കളുടെ മേലും മനുഷ്യന് അധികാരം ഉണ്ടായിരിക്കെ നാം എന്തിനാണ് അവയെക്കൊന്ന് ഭക്ഷിക്കുന്നത് പാപമായി കരുതുന്നത്. ഇനി ക്രിസ്തുശിഷ്യൻ പത്രോസിനുണ്ടായ ദർശനത്തെക്കുറിച്ച് ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

"അവർ യാത്ര ചെയ്ത് പിറ്റേന്ന് നഗരത്തിന് അടുത്തെത്തിയപ്പോൾ ഏതാണ്ട് ആറാം മണിക്കൂറിൽ പ്രാർത്ഥനക്കായി പത്രോസ് വീടിന്റെ മട്ടുപ്പാവിൽ കയറി. അപ്പോൾ അയാൾക്ക് വിശന്നു. വല്ലതും ഭക്ഷിക്കണമെന്ന് ആഗ്രഹം ഉണ്ടായി. ഭക്ഷണം തയ്യാറായികൊണ്ടിരിക്കെ അയാൾക്ക് ഒരു ദിവ്യപാരവശ്യം ഉണ്ടായി. സ്വർഗം തുറന്നിരിക്കുന്നതായും വലിയ വിരിപ്പുപോലെ എന്തോ ഒന്ന് നാലു മൂലകളും പിടിച്ച് ഭൂമിയിലേക്ക് ഇറക്കുന്നതായും അയാൾ കണ്ടു. ഭൂമിയിലെ എല്ലാത്തരം മൃഗങ്ങളും ഇഴജന്തുക്കളും ആകാശത്തിലെ പക്ഷികളും അതിൽ ഉണ്ടായിരുന്നു. പത്രോസെ എഴുന്നേൽക്കുക കൊന്നുതിന്നുക എന്നൊരു സ്വരവും അയാൾ കേട്ടു. " ഇല്ല കർത്താവേ അശുദ്ധവും മാലിന്യവും ഉള്ളതൊന്നും ഞാൻ ഭക്ഷിച്ചിട്ടില്ല. ആ സ്വരം രണ്ടാമതും അയാൾ കേട്ടു. ദൈവം ശുദ്ധമാക്കിയതിനെ നീ മലിനമെന്ന് വിളിക്കരുത്. ഇങ്ങനെ മൂന്നാവട്ടം സംഭവിച്ചു. ആ വസ്തു ഉടൻ തന്നെ ആകാശത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു"

ഈ സംഭവത്തിന് ശേഷമാണ് ക്രിസ്ത്യാനികൾ മൃഗങ്ങളെയും പക്ഷികളെയും മൽസ്യങ്ങളെയും ഭക്ഷിക്കാൻ തുടങ്ങിയത്. കാണാമ്പോൾ മലിനം പക്ഷെ അവയെ മനുഷ്യന് ഭക്ഷിക്കാൻ പാകത്തിൽ ദൈവം ശുദ്ധി വരുത്തിയിരിക്കുന്നു. ഇങ്ങനെ ഈ പ്രവൃത്തി പാപമല്ലാതായിതീരുന്നു. ഇങ്ങനെ പൊതുവിലുള്ള കാര്യങ്ങൾ പറയുമ്പോൾ ഒരു മതവിഭാഗത്തിന്റെ മാത്രം വാക്കുകൾ ഉദ്ധരിക്കാതെ എല്ലാ മത വിഭാഗത്തിന്റെയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. കാരണം ഇത്തരം പ്രശ്നങ്ങൾ വിശ്വാസവുമായി ബന്ധപ്പെട്ടതാണ് . ഒരു മതത്തില് പറഞ്ഞിട്ടുള്ളതല്ല മറ്റു മതത്തിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഏത് വേണമെന്ന് ജനങ്ങൾ തീരുമാനിക്കട്ടെ.

ടോണി വി.ടി.

## ജനകീയ പോലീസ് : നിലപാട് ശരിയല്ല

ഏപ്രിൽ ലക്കത്തിലെ ജനകീയ പോലീസിനെകുറിച്ചുള്ള മുഖപ്രസംഗവും പത്രത്തിലെ മറ്റുചില വാർത്തകളും ചേർത്തുവായിക്കുമ്പോൾ ഒരു സംശയം. നിങ്ങൾ സിപിഎം. ന്റെ കുഴലൂത്തുകാരാവുകയാണോ? ജനകീയാസൂത്രണം പോലെ ലാഘവ ബുദ്ധിയോടെ കൈകാര്യം ചെയ്യേണ്ടതാണോ ജനകീയ പോലീസ്? ഇങ്ങനെപോയാൽ ജനകീയ പോലീസ് ജീവനക്കാരും, ജനകീയ സൈന്യവും വേണമെന്ന വാദവും ഉയരുമല്ലോ.

നമ്മുടെ പോലീസിൽ ക്രിമിനലുകൾ ധാരാളമുണ്ടെന്ന വസ്തുത സമ്മതിച്ചുതരുന്നു. പക്ഷേ, ഒരാളും കുറ്റവാളിയായി ജനിയ്ക്കുന്നില്ലെന്നപോലെ ക്രിമിനലായ പോലീസും സൃഷ്ടിയുടെ അവസ്ഥയിൽ ഉണ്ടാകുന്നില്ല. ഇവിടുത്തെ രാഷ്ട്രീയ നേതൃത്വങ്ങളും ഒരു പരിധിവരെ പൊതുജനങ്ങളും പോലീസിനെ ക്രിമിനലുകളാക്കി മാറ്റുകയല്ലേ ചെയ്യുന്നത്? മോശപ്പെട്ട ജനങ്ങൾക്ക് മോശപ്പെട്ട ഭരണാധികാരികളെയേ ലഭിക്കൂ എന്ന ചൊല്ലിന്റെ ഒരു പകർപ്പായി മാത്രം പോലീസിന്റെ ദുഷ്യങ്ങളെയും കണ്ടാൽ മതി.

ഒരു അവസരം കൊടുക്കണമെന്ന അപേക്ഷ പരിഗണിക്കാമായിരുന്നു സി.പി.എമ്മും ബി.ജെ.പി.യും ഇവിടെ കക്ഷികളായി ഇല്ലായിരുന്നെങ്കിൽ. ഫാസിസത്തിന്റെയും സാഡിസത്തിന്റേയും ചിഹ്നങ്ങൾ പേറുന്ന ഇത്തരം കക്ഷികൾ കൂടി ഉൾപ്പെടുന്ന പോലീസ് നിരാശ്രയരായ ജനങ്ങൾക്ക് ഭീതിതമായ ദിനങ്ങളാവും നൽകുക. പോലീസിനു നേരെ ഭീഷണിയുടെ സ്വരത്തിൽ സംസാരിക്കുന്ന, അഹങ്കാരത്തിന്റെ ആൾരൂപങ്ങളായ ഇവറ്റകൾ 'പോലീസ് മെമ്പർ'മാരായാൽ എന്തായിരിക്കും പൂരം! പഴയ ഫ്യൂഡൽ ചട്ടമ്പി വ്യവസ്ഥയെ മടക്കിവിളിക്കാനും, ജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തെ തന്നെ ഹൈജാക്ക് ചെയ്ത് 'ഇൻഫർമേഷൻ' മാരായി തെളിയിക്കാനും മാത്രമേ ഇതുപകരിക്കൂ. കേരളീയത്തിനുണ്ടെന്ന് അവകാശപ്പെട്ടിരിക്കുന്ന ജാഗ്രത ആർക്കെങ്കിലും പണയം വച്ചിട്ടാണോ ഈ മുഖപ്രസംഗം എഴുതിയത്?

പോലീസിനെ നിലയ്ക്കു നിറുത്തേണ്ടതും, ശരിയായ വഴിയിലേക്ക് നയിക്കേണ്ടതും ഭാവനയുള്ള ഭരണകൂടങ്ങളുടെ കർത്തവ്യമാണ്. എന്നാൽ ലക്കും ലഗാനുമില്ലാതെ ഭരിക്കുന്ന മന്ത്രി പുംഗവൻമാരുടെ നാട്ടിൽ ഭരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പോലും കീഴ്മേൽ മറിയുകയാണ്. എങ്ങനെ നല്ല ഭരണാധികാരികളെ തെരഞ്ഞെടുക്കാമെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു, ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങളെ ബോധവൽക്കരിക്കാനും, പരസ്പരം ആശയ സംവേദനത്തിലേർപ്പെടാനുമുള്ള അവസരം മാധ്യമങ്ങൾ തന്നെ മുൻകൈയ്യെടുത്ത് നടത്തേണ്ടിയിരിക്കുന്നു. നല്ല ഭരണകൂടങ്ങളുണ്ടെങ്കിൽ, നല്ല പോലീസ് താനെ ഉണ്ടാകും. പക്ഷെ ആദ്യം നന്നാകേണ്ടത് ജനങ്ങളായ നമ്മൾ തന്നെയാണ്.

ജി. ബാബു
പൂവച്ചൽ

## ശൈശവ വിവാഹം പ്രതിവിധിയല്ല

കാഞ്ചന എഴുതിയ കേരളീയരിൽ പ്രത്യുല്പാദനശേഷി കുറയുന്നുവോ എന്ന ലേഖനത്തിൽ വൈകി വിവാഹം കഴിക്കുന്നതുകൊണ്ടാണ് പ്രത്യുല്പാദന ശേഷി കുറയുന്നത് എന്നെഴുതികണ്ടു. ലേഖികയുടെ തന്നെ വാക്കുകളിൽ-

"പന്ത്രണ്ടോ പതിമൂന്നോ വയസ്സിൽ പ്രത്യുല്പാദന പരമായി തയ്യാറായിക്കഴിഞ്ഞ സ്ത്രീശരീരം പിന്നെയും പത്തും പതിനഞ്ചും വർഷം പ്രത്യുല്പാദനപരമായി യാതൊന്നും ചെയ്യാതിരിക്കുന്ന ഈ അവസ്ഥ പ്രത്യുല്പാദന ശേഷിയെ ബാധിക്കുന്നുണ്ട് എന്നുവേണം കരുതാൻ."

ലേഖികയുടെ അഭിപ്രായത്തിൽ അതുകൊണ്ട് പന്ത്രണ്ടോ പതിമൂന്നോ വയസ്സിൽ തന്നെ വിവാഹം കഴിപ്പിക്കുകയാകും ഉത്തമം. ശാസ്ത്രീയ അടിസ്ഥാനമില്ലാത്ത ഇത്തരം നിഗമനങ്ങൾ കേരളീയം പോലെയുള്ള പത്രത്തിൽ അടിച്ച് ദുരാചാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് അതു നിൽക്കരുത്. എല്ലാ വിധ ഭക്ഷണ പദാർത്ഥങ്ങളിലൂടെയും മനുഷ്യ ശരീരത്തിലേക്ക് കടന്നുകൊണ്ടിരിക്കുന്ന കീടനാശിനികളും മറ്റു രാസമാലിന്യങ്ങളുമാണ് പ്രത്യുല്പാദന ശേഷിയെ കുറക്കുന്നത്. പ്രായമല്ല. ജീവിത ക്രമത്തിലും ഭക്ഷണ ക്രമത്തിലുമുള്ള ഒരു തിരിച്ചുപോക്കാണ് ഇതിന് പ്രതിവിധി.

ഷീനാ അഗസ്റ്റിൻ
കോട്ടയം - 3